# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 813      12.06.2013 - ൽ മറുപടിക്ക്

## കറുകുറ്റി - മൂക്കന്നൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കറുകുറ്റി-മൂക്കന്നൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ ആരംഭിച്ച 17 കോടി രൂപയുടെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കാമോ; | (എ) പദ്ധതിയിലെ പമ്പ്ഹൗസിൽ നിന്നും ജലശുദ്ധീകരണശാലയിലേയ്ക്ക് സ്ഥാപിക്കുന്ന പൈപ്പുകളിൽ, ശുദ്ധീകരണ ശാലയ്ക്കടുത്തുള്ള 280 മീ. ഉം ശുദ്ധീകരണ ശാലയിൽ നിന്നുള്ള സ്കവർ ലൈനും, അതിനു വേണ്ടി അധികമായി വേണ്ടി വരുന്ന സ്ഥലത്തെ സംബന്ധിച്ച തർക്കം കാരണം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ബഹു. അങ്കമാലി എം.എൽ.എ യും എറണാകുളം ജില്ലാ കളക്ടറും ഇടപെട്ട് നടത്തിയ വിവിധ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ പ്രശ്നം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 280 മീ പൈപ്പ് ലൈൻ ഉടനെ സ്ഥാപിക്കുന്നതാണ്. കറുകുറ്റിയിൽ രണ്ട് സ്ഥലങ്ങളിൽ റെയിൽവെ ലൈൻ ക്രോസ് ചെയ്ത് പൈപ്പുകൾ സ്ഥാപിക്കുന്നതിന് നൽകിയിട്ടുള്ള അപേക്ഷകളിന്മേൽ അനുമതി ലഭിക്കാത്തതു കൊണ്ട് പൈപ്പുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. 280 മീ. പൈപ്പുകൾ സ്ഥാപിച്ച് വിതരണ പൈപ്പുകൾ പൂർണ്ണമായും ചാർജ്ജ് ചെയ്ത് നിലവിൽ ഉണ്ടായിട്ടുള്ള ഗ്യാപ്പുകൾ അടയ്ക്കേണ്ട ജോലികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ശുദ്ധീകരണ ശാലയുടെ പഞ്ചായത്ത് കൈമാറിയ സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച് തർക്കം കോടതിയിൽ നിലനിൽക്കുന്നതു കൊണ്ട് ജല ശുദ്ധീകരണശാലയുടെ ചുറ്റുമതിൽ, യാർഡ് ലെവലിംഗ് തുടങ്ങിയ ജോലികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ; | (ബി) ജലശുദ്ധീകരണശാലയുടെ സമീപത്തെ 280 മീ. പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വന്ന അധിക സ്ഥലം സംബന്ധിച്ച തർക്കം പരിഹരിച്ച് അതിൻ പ്രകാരം പൈപ്പുകൾ ഉടൻ സ്ഥാപിക്കുന്നതാണ്. കൂടാതെ റെയിൽവെ ലൈൻ ക്രോസ് ചെയ്ത് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള റെയിൽ-വേയുടെ അനുമതി ലഭ്യമായാൽ അത് സ്ഥാപിക്കാവുന്നതാണ്. |

................2

| | |
|---|---|
| (സി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) റെയിൽവെ ലൈൻ ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ ഒഴിച്ച് ഉള്ള ജോലികൾ സെപ്തംബർ 2013-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ